# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3549** **20.10.2016 ൽ മറുപടിക്ക്**

## സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്കൂൾ കെട്ടിട നിർമ്മാണത്തിന് നിലവിൽ പ്രത്യേക മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കേരള എഡ്യൂക്കേഷൻ ആക്ട് 1958 അദ്ധ്യായം 5 പ്രകാരമുള്ള ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 1999 ലെ ഗ്രൂപ്പ് ബി എന്നീ ചട്ടങ്ങളും പാലിച്ചാണ് സ്കൂൾ കെട്ടിട നിർമ്മാണം നടത്തുന്നത്. |
| (ബി) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഭിന്നശേഷി യുള്ളവർക്ക് പ്രത്യേക ടോയ് ലെറ്റ്, വീൽചെയർ റാമ്പ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്താറു-ണ്ടോയെന്ന് അറിയിക്കുമോ; | (ബി) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഏർപ്പെടുത്താറുണ്ട്. |
| (സി) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്താറു-ണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള ഹരിത നിർമ്മാണ നയം അടിസ്ഥാനമാക്കി ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങളാണ് നിർമ്മിക്കുന്നത്. |

Gnadev

**സെക്ഷൻ ഓഫീസർ**